## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 10

08.06.2015-ൽ മറുപടിക്ക്

# തെരുവ് നായ്ക്കളുടെ നിയന്ത്രണത്തിന് വകുപ്പുകളുടെ ഏകോപനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി.എ. അഹമ്മദ് കബീർ<br>,, എൻ.എ. നെല്ലിക്കുന്ന്.<br>,, പി. ഉബൈദുള്ള.<br>,, പി. കെ. ബഷീർ. | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) തെരുവുനായ്ക്കൾ നഗരഗ്രാമ ഭേദമന്യേ സൃഷ്ടിക്കുന്ന നാനാതരമായ ഭീഷണി നേരിടാൻ ആരോഗ്യ, നഗരവികസന, ഗ്രാമവികസന, റവന്യൂ വകുപ്പുകളെ ഏകോപിത പ്രവർത്തനം അനിവാര്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ; | (എ) തെരുവുനായ്ക്കൾ സൃഷ്ടിക്കുന്ന ഭീഷണികൾ നേരിടുന്നതിലേക്കായി വിവിധ വകുപ്പുകൾ ഏകോപിച്ച് പ്രവർത്തിക്കുന്നുണ്ട്. തെരുവ് നായ്ക്കളുടെ നിയന്ത്രണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ടിട്ടുണ്ട്. നായ്ക്കളുടെ കടിയേറ്റു വരുന്നവർക്കുള്ള ചികിത്സ സൗകര്യങ്ങൾ ആശുപത്രികളിൽ മെച്ചപ്പെടുത്തിയിട്ടുണ്ട്. പേവിഷ ബാധയ്ക്കെതിരെ മരുന്നുകൾ, ആന്റിറാബീസ് വാക്സിൻ തുടങ്ങിയവ ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. പേവിഷബാധ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ ആരോഗ്യവകുപ്പ് നടത്തുന്നുണ്ട്. |

(ബി) തെരുവ്നായ്ക്കളുടെ നിയന്ത്രണത്തിന് നഗരകാര്യ വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന പദ്ധതികൾ വിജയപ്രദമാകാത്ത സാഹചര്യത്തിൽ, ഇവയുടെ ജനന നിയന്ത്രണത്തിന് ഓറൽ മെഡിസിൻ പ്രായോഗികമാണോ എന്ന ഗവേഷണത്തിനും, ആക്രമണത്തിന് ഇര-കളാകുന്നവർക്ക് ആന്റി റാബീസ് വാക്സിൻ ഉടനെ നൽകുന്നതിനും ആരോഗ്യവകുപ്പിന്റെ പങ്കാളിത്തം ഉറപ്പാക്കുമോ;

(ബി) തെരുവുനായ്ക്കളുടെ നിയന്ത്രണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ടിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന പദ്ധതികൾ പൂർണ്ണമായും വിജയ പ്രദമാകുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

തിരുവനന്തപുരം നഗരത്തിൽ കെ.എസ്.യു.ഡി.പി.യുടെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന എ.ബി.സി.-എ.ആർ. പദ്ധതി ഫലപ്രദമായിട്ടുണ്ട്. സമാനമായ പദ്ധതി കൊല്ലം ജില്ലയിൽ നടപ്പാക്കാൻ ജില്ലാ കളക്ടർ ശുപാർശ നൽകിയിട്ടുണ്ട്. ജനന നിയന്ത്രണത്തിന് ഓറൽ മെഡിസിൻ പ്രയോഗിക്കണമോ എന്നത് മൃഗസംരക്ഷണവകുപ്പ് പരിശോധിച്ചു വരുകയാണ്. ആക്രമണത്തിന് ഇരയാകുന്നവർക്ക് വേണ്ട ആന്റി റാബീസ് വാക്സിൻ സർക്കാർ ആശുപത്രികളിൽ ലഭ്യമാണ്.

(സി) ഇത് ഒരു അസാധാരണ ദുരന്തമായി പരിണിച്ച് ആക്രമണത്തിന് ഇരകളാകുന്നവർക്ക് സഹായം നൽകാനും തെരുവ്നായ്ക്കളുടെ ജനന നിയന്ത്രണത്തിന് നടപടികൾ സ്വീകരിക്കാനും റവന്യൂ വകുപ്പിനെ ചുമതലപ്പെടുത്താമോ?

(സി) തെരുവ് നായ്ക്കളുടെ ആക്രമണം ഒരു അസാധാരണ ദുരന്തമായി പരിഗണിക്കാൻ നിലവിലെ വ്യവസ്ഥകൾ അനുവദിക്കുന്നില്ല. എന്നാൽ നായ്ക്കളുടെ ആക്രമണം മൂലം പരുക്ക് ഏൽക്കുന്നവർക്ക് സഹായവും ചികിത്സയും നൽകുന്നതിന് സർക്കാർ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. നിലവിൽ തെരുവ് നായ്ക്കളുടെ ജനനനിയന്ത്രണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിലാണ്.

സെക്ഷൻ ഓഫീസർ